# <u>Sanketham Application- FAQs</u>

1) സങ്കേതം ആപ്ലിക്കേഷനിൽ നിലവിൽ കെട്ടിടമുള്ള ഒരു പ്ലോട്ടിൽ മറ്റൊരു കെട്ടിട പെർമിറ്റിന് അപേക്ഷ നൽകുവാൻ സാധിക്കുമോ?

   സാധിക്കും, നിലവിലുള്ള കെട്ടിടം ഒരു കൺസ്ട്രക്ഷനായി കാണിച്ച് existing building not for permit എന്ന ഓപ്ഷൻ നൽകി എൻട്രി വരുത്തിയ ശേഷം പുതിയ കെട്ടിടത്തിന് അടുത്ത കൺസ്ട്രക്ഷനായി New Construction ഓപ്ഷൻ നൽകി എന്റർ ചെയ്യാവുന്നതാണ്.

2) സങ്കേതം ആപ്ലിക്കേഷനിൽ ഒരു പ്ലോട്ടിൽ ഒന്നിൽ കൂടുതൽ കൺസ്ട്രക്ഷൻ നടത്തുന്നതിനുള്ള പെർമിറ്റിന് അപ്ലൈ ചെയ്യാൻ സാധിക്കുമോ?

   സാധിക്കും,പുതിയ പെർമിറ്റിനുള്ള ഓപ്ഷൻ തിരഞ്ഞെടുത്ത ശേഷം എത്ര കെട്ടിട നിർമ്മാണമാണോ നടത്തേണ്ടത് അതിനനുസരിച്ച് First Construction,Second Construction എന്ന ക്രമത്തിൽ ഓരോ കെട്ടിടത്തിന്റെയും വിവരങ്ങൾ രേഖപ്പെടുത്താവുന്നതാണ്.

3) സങ്കേതം ആപ്ലിക്കേഷനിൽ ഒരു കെട്ടിടത്തിൽ കൂട്ടിച്ചേർക്കലുകളോ ഒഴിവാക്കലോ നടത്തി റെഗുലറൈസേഷൻ നടത്താ ൻ സാധിക്കുമോ?

   സാധിക്കും, ആപ്ലിക്കേഷനിൽ addition/extension ഓപ്ഷൻ സെലക്ട് ചെയ്ത് ഒരു കൺസ്ട്രഷനായി കൂട്ടിച്ചേർക്കപ്പെട്ട ഏരിയ കാണിച്ച് രേഖപ്പെടുത്താവുന്നതാണ്.റെഗുലറൈസേഷനുള്ള ഭാഗം new construction ആയി second construction-ൽ കാണിക്കാവുന്നതാണ്.

4) സങ്കേതം ആപ്ലിക്കേഷനിൽ പുതിയ കെട്ടിട നിർമ്മാണ പെർമിറ്റിനായി അപേക്ഷിക്കുമ്പോൾ കിണർ കുഴിക്കുന്നതിനും കോമ്പൌണ്ട് വാൾ നിമ്മിക്കുന്നതിനുമുള്ള അപേക്ഷ എന്നിവ ഒരുമിച്ച് നൽകുവാൻ സാധിക്കുമോ?

   സാധിക്കും,കൺസ്ട്രക്ഷൻ വിവരങ്ങൾ എന്റർ ചെയ്യുന്ന സ്ഥ ലത്ത്new construction,digging of well,compound wall എന്നീ ഓപ്ഷനുകൾ ഒരു

പോലെ സെലക്ട് ചെയ്ത് ഡീറ്റയിൽസ് നൽകി അപ്ലൈ ചെയ്യാവുന്നതാണ്.

5) സങ്കേതം ആപ്ലിക്കേഷനിൽ ഓൺലൈനായി അപ്ലൈ ചെയ്യുന്നതോടൊപ്പം Appendix –A എഴുതി തയ്യാറാക്കേണ്ടതായിട്ടുണ്ടോ?

ഇല്ല, Appendix –A പ്രകാരമുള്ള മുഴുവൻ വിവരങ്ങളും എന്റർ ചെയ്ത് സേവ് ചെയ്ത് കഴിഞ്ഞാൽ ഇതിന്റെ പ്രിന്റ് Report മെനു വഴി എടുക്കാൻ സാധിക്കും.ഇത് സമർപ്പിച്ചാൽ മതിയാകും.

6) സങ്കേതം ആപ്ലിക്കേഷനിൽ എല്ലാ ഫീൽഡുകളും എന്റർ ചെയ്ത് കഴിഞ്ഞും ആപ്ലിക്കേഷൻ സേവ് ചെയ്യാൻ സാധിക്കാത്തത് എന്തു കൊണ്ടാണ്?

ചെക്ക് ലിസ്റ്റ് എന്റർ ചെയ്തിരിക്കുന്ന സ്ഥ ലത്ത്Not Permissible എന്ന തരത്തിൽ ഏതെങ്കിലും എൻട്രിക്ക നേരെ കാണിക്കുന്നുണ്ടോ എന്ന് പരിശോധിക്കുക.അങ്ങനെ ഉണ്ടെങ്കിൽ അതിന്റെ വാല്യു മാറ്റി രേഖപ്പെടുത്തി കറക്ട് ആക്കി സേവ് ചെയ്യുക.

7) സങ്കേതം ആപ്ലിക്കേഷനിൽ എല്ലാ ഫീൽഡും എന്റർ ചെയ്ത് സേവ് ചെയ്തിട്ടും പെർമിറ്റ് ഫീ 0 വരുന്നതെന്തു കൊണ്ടാണ്?

Area for Permit എന്ന ഫീൽഡിൽ ഏരിയ നൽകിയിട്ടുണ്ടോന്നു നോക്കുക, ഗവെൺമെന്റ് കെട്ടിടം എന്ന ഓപ്ഷൻ സെലെക്ട് ആയി കിടക്കുന്നുണ്ടോന്നു നോക്കുക.ഈ രണ്ടു കാര്യങ്ങളും ശരിയാക്കിയാൽ പെർമിറ്റ് ഫീ വന്നു കൊള്ളും.

8) സങ്കേതം ആപ്ലിക്കേഷൻ വഴി മൂന്നു വർഷത്തേക്ക് അനുവദിച്ചു തന്നിരിക്കുന്ന പെർമിറ്റിന്റെ കാലാവധി നീട്ടി നൽകാൻ സാധിക്കുമോ?

സാധിക്കും, പെർമിറ്റ് ഓണറുടെ അപേക്ഷ പ്രകാരം അപ്രൂവറുടെ ലോഗിനിലെ റെക്ടിഫിക്കേഷൻ മെനു വഴി പെർമിറ്റ് കാലാവധി നീട്ടി നൽകാവുന്നതാണ്.

9) സോണലോഫീസുള്ള മുനിസിപ്പാലിറ്റികളിൽ ഇ-ഫയൽ ചെയ്ത ഓഫീസ് തെറ്റിപ്പോയാൽ അത് തിരുത്തുന്നതിന് സാധിക്കുമോ?

സാധിക്കും, അപേക്ഷകന്റെ ആവശ്യപ്രകാരം തദ്ദേശ ഭരണ സ്ഥാ പനത്തിലെ ക്ലാർക്ക് ലോഗിനിൽ റെക്ടിഫിക്കേഷൻ മെനു വഴി ഓഫീസ് തിരുത്താവുന്നതാണ്.

10)പെർമിറ്റിന് അപ്ലൈ ചെയ്ത് പെർമിറ്റ് കിട്ടിയ ശേഷം പിന്നീട് ലൈസെൻസിയെ മാറ്റാൻ സാധിക്കുമോ?

സാധിക്കും,പെർമിറ്റ് ഉടമയുടെ അപേക്ഷ പ്രകാരം തദ്ദേശ ഭരണ സ്ഥാ പനത്തിലെ അപ്രൂവറുടെ ലോഗിനിൽ നിന്നും ലൈസെൻസിയെ മാറ്റാവുന്നതാണ്.

11)പെർമിറ്റിലുള്ള ഓണറുടെ പേര് മാറ്റാൻ സാധിക്കുമോ?

സാധിക്കും, പെർമിറ്റ് ഓണറുടെ അപേക്ഷ പ്രകാരം തദ്ദേശ ഭരണ സ്ഥാ പനത്തിലെ അപ്രൂവറുടെ ലോഗിനിൽ നിന്നും പുതിയ ഓണറാക്കി മാറ്റാവുന്നതാണ്.

12)ബഹുനില കെട്ടിടങ്ങളുടെ കാര്യത്തിൽ പൂർത്തീകരിച്ച നിലയുടെ പൂർത്തീകരണ സാക്ഷ്യപത്രം നൽകാൻ സാധിക്കുമോ?

സാധിക്കും, പെർമിറ്റ് കാലാവധിക്കുള്ളിൽ പൂർത്തീകരിക്കപ്പെട്ടിട്ടുള്ള നിലകളുടെ പൂർത്തീകരണ പത്രം നൽകാൻ സാധിക്കും.